"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - പ്ലാൻ സ്കീം 2025-26 - കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ - കോഴിക്കോട് ജില്ലയിലെ ഫറോക്ക് വില്ലേജ് ഓഫീസിന് സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി നൽകിയ ഭരണാനുമതി കോഴിക്കോട് താലൂക്കിലെ വേങ്ങേരി വില്ലേജ് ഓഫീസിന് മാറ്റി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.444/2026/RD തീയതി,തിരുവനന്തപുരം, 24-02-2026

---

പരാമർശം:- 1 25.09.2025 തീയതിയിലെ സ.ഉ.(സാധാ)നം.2217/2025/റവ നമ്പർ സർക്കാർ ഉത്തരവ്.

2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 29.12.2025 തീയതിയിലെ LR/12089/2025-LR(M2)-Part(1) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2025-26 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി പരാമർശം 1 പ്രകാരം തിരഞ്ഞെടുത്ത വില്ലേജ് ഓഫീസുകളിൽ കോഴിക്കോട് ജില്ലയിലെ ഫറോക്ക് വില്ലേജ് ഓഫീസും ഉൾപ്പെട്ടിരുന്നു. ഫറോക്ക് വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി വില്ലേജ് പരിധിയിൽ ലഭ്യമല്ലെന്നും, ചുങ്കം എന്ന സ്ഥലത്ത് നിർമ്മാണം പുരോഗമിക്കുന്ന മിനി സിവിൽ സ്റ്റേഷനിൽ ഫറോക്ക് വില്ലേജ് ഓഫീസ് പ്രവർത്തനത്തിനുള്ള മുറി സജ്ജമാക്കി വരുന്നുണ്ടെന്നും കോഴിക്കോട് ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ ഫറോക്ക് വില്ലേജിന് അനുവദിച്ച ഭരണാനുമതി, നിലവിൽ പുതിയ കെട്ടിടം നിർമിക്കുന്നതിന് സ്ഥലം ലഭ്യമായതും, 2025-26 സാമ്പത്തിക വർഷത്തെ പ്രൊപ്പോസലിൽ ഉൾപ്പെട്ടതുമായ വേങ്ങേരി വില്ലേജ് ഓഫീസിന് മാറ്റി അനുവദിക്കണമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം 2-ലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-26 സാമ്പത്തിക വർഷത്തെ കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതിയിലുൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി കോഴിക്കോട് ജില്ലയിലെ ഫറോക്ക് വില്ലേജ് ഓഫീസിനു അനുവദിച്ച ഭരണാനുമതി കോഴിക്കോട് താലൂക്കിലെ വേങ്ങേരി വില്ലേജ് ഓഫീസിന് മാറ്റി അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി ആർ ജയപാൽ
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം

ജില്ലാ കളക്ടർ, കോഴിക്കോട്

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba V R
സെക്ഷൻ ഓഫീസർ
Date: 25-02-2026 12:43:37